**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 1998-1999 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 33 –ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം 1151 /15/ത.സ്വ.ഭ.വ. തിരുവനന്തപുരം , തീയതി:17/04/2015

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 25-07-2014 ലെ M3.23403/14 നമ്പർ കത്ത്.

2)ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 16-02-2015 ലെ L.F 14989/PT2/2014 നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 33 പ്രകാരം 23,384/-രൂപ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

നെൽകൃഷി ഭാഗിക യന്ത്രവൽക്കരണം പദ്ധതിക്ക് വകയിരുത്തിയ തുകയിലും അധികരിച്ച് ചെലവ് നടത്തുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങണമെന്ന നിർദ്ദേശമുണ്ട്.മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചതിനും യന്ത്രങ്ങൾ ലഭിച്ചതിനുള്ള രേഖകൾ ഹാജരാക്കാത്തതിനാലുമാണ് ഓഡിറ്റ് തടസ്സവാദം ഉന്നയിക്കാനിടയായത്.മുൻകൂർ അനുമതിയില്ലാതെ അധികം തുക ചെലവഴിച്ചതിനു സാധൂകരണം നൽകേണ്ടത് സർക്കാരിന്റെ വിവേചനാധികാരത്തിൽപ്പെടുന്ന വിഷയമായതിനാലും മേൽ ഓഡിറ്റ് പരാമർശം LFAC യുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാലും സർക്കാരിന് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും തൃശ്ശൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 24-04-2014 ലെ 1:ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 33 പ്രകാരം തടസ്സപ്പെടുത്തിയ 23,384/-(ഇരുപത്തി മൂവായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം)രൂപയുടെ ചെലവിനു സാധൂകരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ